# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 87**

*നമ്മുടെ അധികാരത്തിൽപെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

2023 ജൂൺ മാസം 11–ാം തീയതി പരിസ്ഥിതി ഞായറാഴ്ച്ചയായി നാം വേർതിരിച്ചിരിക്കുന്നു. ആഗോളതലത്തിൽ ജൈവ ഭൂമികയിൽ സംഭവിക്കുന്ന മനുഷ്യ കേന്ദ്രീകൃതമായ വികസന സങ്കല്പങ്ങളും, ഭൗമ ചൂഷണവും നമ്മുടെ ഭൂമിയെ അനിതര സാധാരണ മാറ്റങ്ങൾക്കും കാലാവസ്ഥാ വ്യതിയാനങ്ങൾക്കും തൽഫലമായി ഉടലെടുക്കുന്ന അതിതീവ്ര പ്രകൃതി ക്ഷോഭങ്ങൾക്കും ജീവന്റെ തന്നെ നിലനിൽപ്പിനും ഭീഷണിയായി മാറുന്നു. അതിജീവനത്തിനും ഫലദായക ജീവിതത്തിനും വേണ്ടി അന്യോന്യം ആശ്രിതരായ ഒരു ജൈവ കൂട്ടായ്മയാണ് പ്രപഞ്ചം.

സൃഷ്ടി എന്ന നിലയിൽ സ്രഷ്ടാവിനോടുള്ള നമ്മുടെ സമൂലമായ ആശ്രിതത്വവും, അപര സൃഷ്ടികളോടുള്ള നമ്മുടെ പരസ്പരാശ്രിതത്വവും അംഗീകരിക്കുവാൻ തയ്യാറാകണം. സമസൃഷ്ടിയെ ഒരുപടി താഴെയോ, കീഴടക്കാനുള്ള വസ്തുക്കളായോ മനുഷ്യർ കണ്ടതുകൊണ്ടാണ് നാം ഈ പ്രതിസന്ധിയിൽ എത്തിയിരിക്കുന്നത് എന്ന് നാം തിരിച്ചറിഞ്ഞ് നമ്മുടെ പരിസ്ഥിതി പാപങ്ങളെ കണ്ടെത്തി അനുതാപത്തിനായി, പുതുക്കത്തിനായി ഈ പരിസ്ഥിതി ഞായറാഴ്ച നമുക്കു നമ്മെ സമർപ്പിക്കാം. വേദപുസ്കത്തിലൂടെ നമുക്കു ലഭിക്കുന്ന പ്രപഞ്ച–പരിസ്ഥിതി ബോധം ഒരു ഹരിത ആത്മീയതയിലേക്കു നമ്മെ നയിക്കേണ്ടതാണ്. “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു” (യോഹന്നാൻ 3:16). സുവിശേഷത്തിന്റെ ദർശനം കേവലം ദൈവത്തിന്റെ മനുഷ്യ സ്നേഹമല്ല മറിച്ചു ലോകത്തോടുള്ള സ്നേഹമാണ് എന്ന് നാം പുനദർശനം നടത്തേണ്ടിയിരിക്കുന്നു. രക്ഷയും വീണ്ടെടുപ്പും മനുഷ്യർക്കു മാത്രമുള്ളതല്ല ഈ ഭൂമിക്കുള്ളതാണ് എന്ന ദർശനം നമ്മെ ഹരിത ദർശനത്തിനു പ്രാപ്തരാക്കുന്നു.

പരിസ്ഥിതി ഞായറാഴ്ചയും അതോടനുബന്ധിച്ചുള്ള ഒരു വാരവും പരിസ്ഥിതി ബോധവത്ക്കരണത്തിനും ഹരിത ആത്മീയതയുടെ സ്വീകരണത്തിനും ഉള്ള സമയമായി വേർതിരിക്കണം. നമ്മുടെ പരിസ്ഥിതി കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന “ഹരിതാഭം പരിസ്ഥിതി വേദപഠനങ്ങൾ” എന്ന പുസ്തകം നമ്മുടെ വേദപഠനങ്ങൾക്കായി ഉപയോഗിക്കുന്നത് ഉചിതമാണ്. ഇടവകതലങ്ങളിൽ പരിസ്ഥിതി സൗഹൃദമല്ലാത്ത ഒരു പ്രവർത്തനവും ഇനിയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കണം. ഊർജ്ജ സംരക്ഷണവും മാലിന്യ സംസ്കരണവും വളരെ ഗൗരവമായി ഇടവകതലങ്ങളിൽ നിർവ്വഹിക്കപ്പെടണം. ഒരു ഹരിത ജീവിതക്രമം ജീവിതചര്യയായി സ്വീകരിക്കാൻ ഉള്ള പ്രബോധനങ്ങൾക്കും പഠനങ്ങൾക്കും മുൻതൂക്കം നൽകണം. കൃഷിയേയും കാർഷിക സംസ്കാരത്തെയും പുതു തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനും ഒരു കാർഷിക സൗഹൃദ ജീവിതത്തിനും ഇടവക അംഗങ്ങൾ പ്രാമുഖ്യം നൽകണം. ഭൂമിയുടെ സമൂലപുരോഗതിക്കു നിദാനമാകാത്ത വികസനങ്ങളുടെ കാപട്യം തിരിച്ചറിഞ്ഞു പരിസ്ഥിതി സൗഹൃദ വികസനങ്ങൾക്കായി നമുക്കു കൈകോർക്കാം.

മനോഹരം എന്നുകണ്ട ഭൂമിയുടെ മനോഹാരിത കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ മനോഹരമാക്കുന്നതിനുമുള്ള പരസ്പര ഉത്തരവാദിത്വമാണ് ദൈവം ഈ ഭൂമിക്കു നൽകിയിരിക്കുന്നത്. “വേല ചെയ്യുവാനും അതിനെ കാപ്പാനും” (ഉൽ: 2:15) ദൈവം മനുഷ്യർക്ക് നൽകിയിരിക്കുന്ന ഉത്തരവാദിത്വം വിശ്വസ്തതയോടെ നമുക്കു കാത്തു സൂക്ഷിക്കാം.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

തിരുവല്ലാ പൂലാത്തീനിൽ നിന്നും 2023 മേയ് 6–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 87**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

We have set aside 11th June 2023 as Environment Sunday.

Human-centric development and global exploitation in our biosphere are resulting in unexpected changes in climate, which are threatening life on our planet with extreme natural disasters. The universe is an organic community that depends on each other for survival and fruitful life.

As a creation of God, we must be willing to accept our radical dependence on the Creator and our interdependence on other creatures. We must recognize that we have reached this crisis because we humans saw fellow creatures as lower, and as objects to be subjugated. Let us repent of such environmental sins and dedicate ourselves to repentance and renewal on this Environment Sunday. The cosmo-environmental consciousness that we get through the Bible should lead us to a green spirituality. “For God so loved the world that he gave his only begotten Son, that whoever believes in him shall not perish but have eternal life” (John 3:16). We have to re-read that the vision of the gospel as not just God’s love for humans, but love for the world. The vision that salvation and redemption are not only for humans, but also for this earth, enables us to have a new perspective on life.

This Environment Sunday and the accompanying week should be set aside as a time for environmental awareness and the adoption of green spirituality. It is recommended to use the book “Haritabham Paristhithi Veda Padanangal” published by our Ecological Commission for our Bible studies. Care must be taken not to carry out any activity that is not eco-friendly at parish levels. Energy conservation and waste management should be taken very seriously. Teaching and learning to adopt a green lifestyle as a way of life should be prioritized. Parishioners should give priority towards introducing agro-culture to the new generation, and to an agricultural-friendly life. We must recognize the hypocrisy of developments that do not contribute to healthy progress of the earth and join hands for environment-friendly developments.

God has given to all creation a mutual responsibility to preserve the beauty of this earth, which he saw as good, and to make it more beautiful. May we faithfully guard the responsibility God has given to human to “till it and keep it” (Gen. 2:15).

Grace be with you all.

Dated 6 May 2023, from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**